## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2637 09.03.2017-ലെ മറുപടി

### കടിവെള്ളത്തിന്റെ ദുരുപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ റെയിൽവെ, എയർപോർട്ട്, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ ഹോസ്റ്റലുകൾ തുടങ്ങിയവ കടിവെള്ളം മറ്റാവശ്യങ്ങൾക്ക് ധാരാളമായി ദുരുപയോഗം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി കട്ടത്ത വരൾച്ചയിൽ കടിവെള്ളം ബഹു ഭൂരിപക്ഷത്തിനും കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുമ്പോൾ കുറ്റകരമായ ഈ ധൂർത്തിനെതിരെ വാട്ടർ അതോറിറ്റി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി ഇത്തരത്തിൽ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ട സർക്കാർ സ്ഥാപനങ്ങളിലെ മേധാവികളോട് ഇത് ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിന് പിഴ, കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.കൂടാതെ പത്രമാധ്യമങ്ങളിൽ കൂടി ജലം ദുരുപയോഗം ചെയ്യുന്നതിന് എതിരെയുള്ള അറിയിപ്പുകൾ നൽകാറുണ്ട്. കടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് തുടർച്ചയായി പരിശോധനകൾ നടത്തി വരുന്നു. ആവശ്യമെങ്കിൽ പോലീസിന്റെ സഹായം തേടാറുണ്ട്. |
| സി സംസ്ഥാന സർക്കാരിന്റെ കീഴിലെ ആധുനിക സ്വീവേജ് പ്ലാന്റിൽ നിന്നും. കടിവെള്ള ആവശ്യത്തിനൊഴികെയുള്ള ആവശ്യങ്ങൾക്ക് ഉപയുക്തമായ ലക്ഷക്കണക്കിന് ലീറ്റർ ജലം | സി ഡി & ഇ ഈ വെള്ളം റെയിൽവെ സ്റ്റേഷൻ, എയർ പോർട്ട്, ആശുപത്രികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെടികൾ നനയ്ക്കാനും, ടോയ്‌ലറ്റ്, ഫ്ലഷിംഗ്, നടപ്പാതകൾ, ടാങ്കുകൾ, നിലം എന്നിവ കഴുകുന്നതിനും ഉപയോഗ യോഗ്യമാണ് എന്ന് തെളിഞ്ഞിട്ടുണ്ട്. |

| | | |
|---|---|---|
| | ഈ കടുത്തവരൾച്ചയിലും പ്രതിദിനം പാഴാക്കി കളയുന്ന കാര്യം ജലവിഭവവകുപ്പിന് അറിവുണ്ടോ; | മേൽ പ്രസ്താവിച്ച ആവശ്യങ്ങൾക്ക് വെള്ളം നൽകി വരുന്നുണ്ട്. ആവശ്യക്കാർക്ക് ടാങ്കറിൽ നിറച്ചു കൊടുക്കാനുള്ള സംവിധാനം പ്ലാന്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ടാങ്കറുമായി വരുന്ന ആർക്കും വെള്ളം കൊണ്ടുപോകാവുന്നതാണ്. എന്നാൽ ആവശ്യക്കാർ വളരെ കുറവാണ്. ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരാരും വീഴ്ച വരുത്തിയതായി കണ്ടിട്ടില്ല. |
| ഡി | എങ്കിൽ അത് ഉപയോഗപ്പെടുത്താൻ വാട്ടർ അതോറിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | |
| ഇ | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വിഭാഗവുമായി ഏകോപനമുണ്ടാക്കി ആ ജലം ഉപയോഗപ്പെടുത്തി കുടിവെള്ളത്തിന്റെ ദുരുപയോഗം തടയാനും, അലംഭാവം കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ എന്ന് വിശദമാക്കാമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ